LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തൽ, പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർവൽക്കരണം, പരാതി പരിഹാര സംവിധാനം എന്നീ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന കണക്കിലെടുത്ത് സംസ്ഥാനത്ത് 1-4-2016 മുതൽ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുവാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഡി) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 31-3-2016-നകം നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 31-3-2016 വരെയുള്ള ഭക്ഷ്യധാന്യങ്ങൾ കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. കേരളത്തിന് അർഹതപ്പെട്ട സബ്സിഡി ധാന്യങ്ങൾ നഷ്ടപ്പെടുകയില്ല.

(ഇ & എഫ്) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013-ന്റെ അടിസ്ഥാനത്തിൽ 14.25 ലക്ഷം മെടിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് കേരളത്തിന് ലഭ്യമാകുന്നത്. മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന ജനങ്ങൾക്ക് 10.13 ലക്ഷം മെടിക് ടൺ ഭക്ഷ്യധാന്യങ്ങൾ ആവശ്യമായി വരും. അവശേഷിക്കുന്ന 4.12 ലക്ഷം മെടിക് ടൺ ഭക്ഷ്യധാന്യങ്ങൾ പൊതുവിഭാഗം റേഷൻ കാർഡുടമകൾക്കും വിതരണം ചെയ്യാൻ സാധിക്കും. എന്നാൽ 16.24 ലക്ഷം മെടിക് ടൺ ഭക്ഷ്യധാന്യം കേരളത്തിന് ലഭിക്കണമെന്നാണ് സംസ്ഥാനത്തിന്റെ ആവശ്യം. ഇത് കഴിഞ്ഞ 3 വർഷത്തെ വിട്ടൊഴിപ്പിന്റെ ശരാശരിയാണ്. ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇത് നേടിയെടുക്കാനുള്ള ശ്രമത്തിലാണ്.

റേഷൻ കാർഡ് പുതുക്കി ലഭിക്കാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ

197(3080) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡ് ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ റേഷൻ കാർഡിൽ പുതുതായി ഒരാളെ ഉൾപ്പെടുത്തുന്നതിനോ, പേര് റിഡക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനോ, ഒരാൾക്ക് പുതുതായി റേഷൻ കാർഡ് എടുക്കുന്നതിനോ സാധിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം ഒഴിവാക്കുന്നതിന് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) റേഷൻ കാർഡിന്റെ അഭാവത്തിൽ പുതുതായി വീടുവച്ച് താമസം തുടങ്ങുമ്പോൾ കറണ്ട് കണക്ഷൻ, ഗ്യാസ് കണക്ഷൻ എന്നിവയ്ക്ക് അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ഘട്ടങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകുന്ന സംവിധാനം നിലവിലുണ്ട്.

നെല്ല് സംഭരണത്തിലെ പ്രതിസന്ധി

198(*T 3081) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണം ഏത് രീതിയിലാണ് സർക്കാർ നടത്തി വരുന്നത് ;

(ബി) നെല്ല് സംഭരണത്തിൽ മില്ലുടമകൾ പിൻമാറുന്ന സാഹചര്യം നിലവിലുണ്ടോ ; എങ്കിൽ എന്താണ് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) നെല്ല് സംഭരണം യഥാസമയം നടത്തുന്നതിനും കർഷകരെ പ്രതിസന്ധിയിൽനിന്നും രക്ഷിക്കുന്നതിനും സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) നെല്ലിന് നല്ല വില കർഷകന് ലഭിക്കുന്നതിനുമായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാനത്ത് നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഏജൻസിയായി സപ്ലൈകോയെ ചുമതലപ്പെടുത്തിയിരിക്കുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് ഏറ്റെടുക്കുന്നതിനും അത് അവിടെ നിന്നും കൊണ്ടു പോകുന്നതിനും സുരക്ഷിതമായി സംഭരിച്ച് വയ്ക്കുന്നതിനും സമയബന്ധിതമായി സംസ്കരിച്ച് അരിയാക്കുന്നതിനും സ്വകാര്യ മില്ലുടമകളുമായി സപ്ലൈകോ ഉടമ്പടി ചെയ്തിട്ടുണ്ട്. ഇതിന്റെ മേൽനോട്ടം വഹിക്കുന്നതിന് ജില്ലാ തലത്തിൽ പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly